പുതിയ കുടുംബകോടതികൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം

152 (3802) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ :
ശ്രീ. ചെന്താമരാക്ഷൻ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയ കുടുംബ കോടതികൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കേന്ദ്രത്തിന് സമർപ്പിച്ചാൽ കേന്ദ്രം അനുഭാവപൂർവ്വം പരിഗണിക്കും എന്ന കേന്ദ്ര നിയമവകുപ്പ് സഹമന്ത്രിയുടെ വാഗ്ദാനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത്തരം ഒരു പദ്ധതി ഉടനെ കേന്ദ്രത്തിന് സമർപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാർ പരിശോധിച്ചുവരുന്നു.

സ്വന്തമായി കെട്ടിടമുള്ളതും ഇല്ലാത്തതുമായ കുടുംബക്കോടതികൾ

153 (3803) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള കുടുംബക്കോടതികളിൽ എത്രയെണ്ണത്തിന് സ്വന്തമായി കെട്ടിടങ്ങളുണ്ട് ;

(ബി) ബാക്കിയുള്ളവയ്ക്ക് സ്വന്തം കെട്ടിടം ഉണ്ടാക്കുവാനുള്ള പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(സി) കുടുംബകോടതികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി സഹായധനം നൽകുന്നതിന് കേന്ദ്രത്തിന് പദ്ധതിയുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുവാൻ സഹായധനത്തിനായി എന്തെങ്കിലും സ്കീം കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ ;

(ഇ) ഇല്ലാത്തപക്ഷം സ്കീം സമർപ്പിച്ച് കേന്ദ്ര സഹായം നേടി എടുക്കുവാൻ ആവശ്യമായ നടപടിയെടുക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കുടുംബകോടതികൾക്കൊന്നിനും സ്വന്തമായി കെട്ടിടങ്ങളില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) ഉണ്ട്. 2002-2003-ൽ സ്ഥാപിച്ച രണ്ടു കുടുംബകോടതികൾക്ക് 10 ലക്ഷം രൂപ വീതം കേന്ദ്രത്തിൽ നിന്ന് ധനസഹായം ലഭിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) നടപടി സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കുന്ന തുക

154 (3810) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച തുകയിൽ എത്ര പേർക്ക് എന്ത് തുക നൽകാനുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അടിയന്തിര ആശ്വാസത്തിനുവേണ്ടി എം.എൽ.എ.മാർ വഴി നൽകുന്ന അപേക്ഷകളിൽ മുഖ്യമന്ത്രി തീരുമാനമെടുക്കാതെ സെക്രട്ടറിക്ക് അയച്ചുകൊടുക്കുന്നതുമൂലം അപേക്ഷകന് നീതി ലഭിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇത്തരം അപേക്ഷകളെ സംബന്ധിച്ച് മുഖ്യമന്ത്രി തന്നെ തീരുമാനമെടുക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി&ഡി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നുള്ള ധന സഹായത്തിന് സമർപ്പിക്കുന്ന അപേക്ഷയുടെ അടിയന്തിര സ്വഭാവവും അതോടൊപ്പമുള്ള രേഖകളും കണക്കിലെടുത്ത് അപ്പോൾത്തന്നെ സഹായം അനുവദിക്കുകയോ, ജില്ലാ കളക്ടറിൽ നിന്നും റിപ്പോർട്ട് വാങ്ങിയശേഷം അനുവദിക്കുകയോ ആണ് അനുവർത്തിച്ചുവരുന്ന രീതി. ഇതുമൂലം അപേക്ഷകന് നീതി ലഭിക്കാതെ വരുന്ന സാഹചര്യം ഉണ്ടാകുന്നില്ല.

സാംക്രമിക രോഗങ്ങൾക്കെതിരെ പ്രതിരോധ പ്രവർത്തനങ്ങൾക്കായി അനുവദിച്ച ഫണ്ട്

155 (3844) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ സാംക്രമിക രോഗങ്ങൾക്കെതിരെ പ്രതിരോധ പ്രവർത്തനത്തിനായി സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സംഖ്യ എത്രയാണെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly